നക്സൽബാരി തടവുകാർക്ക് പരോൾ

* 118 [127] [ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നക്സൽബാരി തടവുകാർക്ക് പരോൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വർഷത്തിൽ എത്ര നക്സൽബാരി തടവുകാർക്ക് പരോൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നക്സൽബാരി തടവുകാർക്ക് പരോൾ അനുവദിക്കുന്നതിന് മുമ്പ് പരോൾ അനുവദിക്കണമോ, വേണ്ടയോ എന്ന് അന്വേഷിക്കാൻ പോകുന്ന ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥ കാരണം പരോൾ അനുവദിച്ചു കിട്ടേണ്ട ആളുകൾക്ക് യഥാസമയം പരോൾ അനുവദിച്ചു കിട്ടാത്തതിനെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി ([ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഉണ്ട്.

(ബി) 1979-ൽ രണ്ടു തടവുകാർക്ക് പരോൾ അനുവദിക്കപ്പെട്ടിട്ടുണ്ട്.

(സി, ഡി) ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല. വ്യക്തമായ പരാതികൾ ലഭിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാം.

[ശ്രീ. എ. എൻ. യൂസഫ്: നക്സൽബാരി തടവുകാർ ഭയങ്കരമായ മർദ്ദനങ്ങൾ സഹിച്ച് വളരെക്കാലമായി ജയിലിൽ കിടക്കുന്നവരാണ്. അവരുടെ കുടുംബങ്ങളിൽ പല വിഷമങ്ങൾ വന്നുഭവിച്ചാൽ പരോൾ അനുവദിക്കണമെന്ന് അപേക്ഷിച്ചാൽ സമയത്തിനു അനുവദിക്കാറില്ല. എന്റെ വീടിനടുത്തുതന്നെ ജയിലിൽ കിടക്കുന്ന ഒരു നക്സലൈറ്റിന്റെ അനുജൻ സുഖക്കേടാണെന്നു കാണിച്ച് പരോൾ അനുവദിക്കണമെന്നു പറഞ്ഞു അപേക്ഷിച്ചിട്ട് അന്വേഷിക്കാനായി നിയമിച്ച ഉദ്യോഗസ്ഥൻമാർ കൊടുക്കേണ്ട ആവശ്യമില്ലെന്നു പറഞ്ഞു. അങ്ങനത്തെ പരിതഃസ്ഥിതി അല്ല എന്നു ഉദ്യോഗസ്ഥൻമാർ വിവരം അറിയിച്ചു. അതിനുശേഷം അഞ്ചാമത്തെ ദിവസം അദ്ദേഹത്തിന്റെ അനുജൻ മരിച്ചു. ഇങ്ങനെയുള്ള പരിതഃസ്ഥിതികളിൽ പരോൾ അനുവദിക്കാൻവേണ്ടി [പത്യേകം [ശദ്ധിക്കുമോ?

[ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഇത്തരം തടവുകാർക്ക് പരോൾ അനുവദിക്കുന്നതിനു ഇന്നു ചില വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾക്ക് വിധേയമായി ആണ് ഇപ്പോൾ ചെയ്യുന്നത്. ഇതുപോലെയുള്ള [പശ്നങ്ങൾ തീർച്ചയായും ഉണ്ടാകുന്നുണ്ടായിരിക്കാം. ഞാൻ നിഷേധിക്കുന്നില്ല. ആ വ്യവസ്ഥകൾ എങ്ങനെയാണ് കൂടുതൽ ഉദാരമാക്കുക എന്നു ആലോചിച്ചാലേ അതിനു ഒരു പരിഹാരം ഉണ്ടാക്കാൻ കഴിയൂ. ആ കാര്യം തീർച്ചയായും ആലോചിക്കാവുന്നതാണ്.

[ശ്രീ. സി. എ. കുര്യൻ: സർ, ഗവൺമെന്റ് [പഖ്യാപിച്ച ചെലവു ചുരുക്കലിന്റെ ഭാഗമെന്ന നിലക്ക് നമ്മുടെ സംസ്ഥാനത്തു ജയിലിൽ കഴിയുന്ന ഒരു വിഭാഗം തടവുകാരെ മോചിപ്പിക്കുന്നതിനു, നക്സൽ

LIBRARY ARCHIVES Kerala Legislative Assembly

തടവുകാർ ഉൾപ്പെടെയുള്ള ആളുകളെ പരിപൂർണ്ണമായി മോചിപ്പിക്കുന്ന കാര്യം ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ചെലവു ചുരുക്കലുമായി ആ കാര്യത്തിൽ എന്താണ് ബന്ധം എന്നു് അറിയില്ല.

ശ്രീ. എം. വി. രാഘവൻ: നക്സൽ തടവുകാരുടെ കാര്യം ബഹുമാനപ്പെട്ട യൂസഫ് പറഞ്ഞതുപോലെ കണ്ണൂർ ജില്ലയിൽ ഉള്ള തടവുകാർക്കും അവരുടെ ബന്ധുക്കൾ മരിച്ചിട്ടും പരോൾ കൊടുത്തിട്ടില്ല എന്ന ആക്ഷേപം ഉണ്ട്. അത്തരം ആക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിശോധിക്കുമോ? നക്സൽ തടവുകാരെ പൊതുവായി വിട്ടയക്കുന്നതിനും മറ്റു രാഷ്ട്രീയകേസുകളിൽ ഉള്ള തടവുകാരെയും വിട്ടയക്കുന്നതിനും ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെയുള്ള വളരെ വ്യക്തമായ എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ തീർച്ചയായും ഗവൺമെൻറ് ആ കാര്യത്തെപ്പറ്റി അന്വേഷിക്കുന്നതാണ്. തടവുകാരെ വിട്ടയക്കുന്ന പ്രശ്നം ഞാൻ ഇപ്പോൾ ഈ ചോദ്യത്തിനു മറുപടിയായി എങ്ങനെയാണ് പറയുക. അതു മറ്റൊരു പ്രശ്നമാണ്. മുമ്പൊരിക്കൽ ഗവൺമെൻറ് 1977-ൽ കുറെ തടവുകാരെ വിട്ടയച്ചു. അതിനുശേഷം പിന്നീട് സംഗതികൾ റവ്യൂ ചെയ്തു. എന്നാൽ കൂടുതൽ ആളുകളെ വിടണമെന്ന തീരുമാനത്തിലല്ല ഗവൺമെൻറ് എത്തിയത്. സമീപകാലത്തു മൂന്നു തടവുകാരെ വിട്ടയക്കാൻ തീരുമാനിച്ചു. ഇനിയും ആ കാര്യം റവ്യൂ ചെയ്യുന്നതാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മൂന്നു നക്സൽ തടവുകാരെ വിട്ടയച്ചു എന്നു പറഞ്ഞു. അങ്ങനെ മൂന്നുപേരെ മാത്രം വിട്ടയക്കാൻ എന്താണ് പ്രത്യേക കാരണം?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഈ മൂന്നുപേരുടെ കാര്യത്തിൽ പ്രത്യേക സാഹചര്യം ഉണ്ടായതുകൊണ്ടാണ് വിട്ടയച്ചത്. തലശ്ശേരി–പുൽപ്പള്ളി കേസുകളിൽ ഉൾപ്പെട്ട പ്രതികളെയെല്ലാം 1977-ൽ ഈ മൂന്നുപേരെ ഒഴിച്ച് വിട്ടയക്കുകയുണ്ടായി. ആ സമയത്തു ഈ മൂന്നുപേർ സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തിരിക്കുകയായിരുന്നു. അതുകൊണ്ടാണ് അവരെ അന്നു വിട്ടയക്കാതിരുന്നത്. അതിനുശേഷം സുപ്രീം കോടതി വിധി വന്നപ്പോൾ അതിൽ ഏഴുകൊല്ലം അവർക്ക് തടവുശിക്ഷ വിധിക്കുകയാണ് ചെയ്തത്. കൃത്യമായി ഓർക്കുന്നില്ലെങ്കിലും ശരാശരി ഏതാണ്ട് അഞ്ചുകൊല്ലംവരെ അവർ ഈ തടവുശിക്ഷ അനുഭവിച്ചു കഴിഞ്ഞിട്ടുണ്ട്. അവരുടെ ഒരു പെറ്റീഷൻ ഗവൺമെൻറിനു കിട്ടി. സുപ്രീം കോടതിയിൽ അപ്പീൽ ആ സമയത്തു ഇല്ലായിരുന്നുവെങ്കിൽ ഞങ്ങളേയും ആ കൂട്ടത്തിൽ പുറത്തുപോകാൻ സമ്മതിക്കുമായിരുന്നു; ഈ പ്രത്യേക സാഹചര്യത്തിൽ അയക്കാതെയിരുന്നതാണ്. അതുകൊണ്ട് പ്രത്യേകമായി ഗവൺമെൻറ് ഇതു പരിഗണിക്കണമെന്ന് അപേക്ഷിച്ചു. മറ്റു തരത്തിൽ ഞങ്ങൾ അന്വേഷിച്ചപ്പോൾ അവരെ വിട്ടയക്കുന്നതിൽ ഒരു തെറ്റും ഇല്ലെന്നു ബോധ്യപ്പെട്ടതുകൊണ്ടാണ് പ്രത്യേക സാഹചര്യത്തിൽ അവരെ വിട്ടയച്ചത്.

ശ്രീ. പി. ബി. ആർ. പിള്ള: നക്സൽ തടവുകാർക്ക് പരോൾ അനുവദിക്കുകയില്ലെന്നു മാത്രമല്ല, റിവ്യൂ കമ്മിറ്റി റെക്കമെൻറ് ചെയ്താൽ അവരെ വിടുകയും ഇല്ല എന്നു മാത്രമല്ല, ജയിലിൽ അവരോട് വളരെ

LIBRARY ARCHIVES Kerala Legislative Assembly

ക്രൂരമായി ആണ് പെരുമാറുകയും ചെയ്യുന്നത്; എന്നുള്ള കാര്യം ഗവൺമെൻറിനു അറിയാമോ? ആ കാര്യത്തിൽ ഇളവ് അനുവദിച്ച് സാധാരണ തടവുകാരായി ട്രീറ്റ് ചെയ്യാൻ ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: റിവ്യൂ കമ്മിറ്റി ശുപാർശ ചെയ്തിട്ട് വിടാത്ത ഒരു കേസും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉണ്ടെങ്കിൽ തീർച്ചയായും അതു പരിഗണിക്കാം. പിന്നെ അവരോടുള്ള പെരുമാറ്റവും മറ്റു കാര്യങ്ങളും രാഷ്ട്രീയ തടവുകാർ എന്ന നിലക്ക് നന്നാക്കാൻ ആലോചിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ്: തലശ്ശേരി–പുൽപ്പള്ളി കേസിൽ അന്നത്തെ സോഷ്യലിസ്റ്റുകാരനും ഇന്നു ജനതാപ്പാർട്ടിക്കാരനുമായ തോമസ് മാസ്റ്റർ എന്നൊരാളെ ശിക്ഷിച്ചിട്ടുണ്ട്. അദ്ദേഹം ഇന്നും ജയിലിൽ കിടക്കുകയാണ്. അദ്ദേഹത്തെ വിട്ടയക്കുന്ന കാര്യം ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇപ്പോഴും വിട്ടയച്ച മൂന്നുപേരിൽ ഒരാളാണ് ഈ തോമസ് മാസ്റ്റർ.

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്തൊട്ടാകെ പല നക്സലൈറ്റ് തടവുകാരെയും വിട്ടയച്ചിട്ടുണ്ട്. അവരുടെ പ്രവർത്തനങ്ങളും ആ കാലഘട്ടത്തിൽ രൂക്ഷമായി നിലവിലിരുന്നതാണ്. ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിൽ നക്സൽബാരികളുടെ പ്രവർത്തനം ഏതു നിലയിലാണ്? ജനങ്ങൾക്ക് ഭയാശങ്കകളും ഉളവാകത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ടോ എന്നതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളും ഏതെങ്കിലും ഗവൺമെൻറിന്റെ മുമ്പിൽ ഉണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഇക്കാര്യത്തെപ്പറ്റി മുമ്പൊരിക്കൽ ഈ സഭയിൽ പ്രസ്താവിക്കുകയുണ്ടായി. ഗവൺമെൻറ് നിരന്തരമായി ഈ കാര്യങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവരുടെ ഇടയ്ക്ക് പലതരത്തിലുള്ള പുനരാലോചനകളും നടക്കുണ്ട്. പല ഗ്രൂപ്പുകളുണ്ട്. ഓരോരുത്തനും ഓരോ തരത്തിൽ ചിന്തിക്കുന്നവരാണ്. എന്നാൽ അവരിൽ പലരും പഴയ കാലത്ത് സ്വീകരിച്ചിരുന്ന individual terrorism എന്ന ലൈൻ പുനഃപരിശോധിച്ചിട്ടുണ്ട്. പക്ഷേ അതിൽ തുടരണമെന്നു തീരുമാനിക്കുന്ന ആളുകളും ഇപ്പോഴും ഉണ്ട്. ഇത്തരത്തിലുള്ള ആളുകളുടെ പ്രവർത്തനങ്ങളും എല്ലാം ഗവൺമെൻറും പരിശോധിക്കേണ്ട കാര്യമല്ല. രാഷ്ട്രീയ പ്രശ്നങ്ങളാണ്. എങ്കിലും ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇങ്ങനെയുള്ള പല പുനർവിചാരങ്ങളും അവരിൽ പലരുടെയും ഇടയ്ക്ക് ഉണ്ടാകുന്നുണ്ട്.

ശ്രീ. പിണറായി വിജയൻ: വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പരോളനുവദിച്ചത്; പക്ഷേ ചിലരുടെ കാര്യത്തിൽ ഈ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ലെന്നാണ് പരാതി. വീട്ടിൽ മരണം നടന്നാൽപ്പോലും പരോളനുവദിക്കുകയില്ല. എന്തുകൊണ്ടാണ് ഈ മനോഭാവം കാണിക്കുന്നതെന്ന് അന്വേഷിക്കാൻ തയ്യാറാകുമോ? അതുപോലെതന്നെ കേരളത്തിലെ ജയിലുകളിൽ കിടക്കുന്ന രണ്ടാളുകൾക്കുമാത്രമാണ് കഴിഞ്ഞതവണ പരോളനുവദിച്ചിട്ടുള്ളത്. എത്ര ആളുകളിൽ ആണ് ഈ രണ്ടാളുകൾ പെടുക?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: എനിക്ക് കൃത്യമായ എണ്ണം ഇപ്പോൾ അറിഞ്ഞുകൂടാ; ഒരു ചെറിയ സംഖ്യയേ ഉള്ളൂ. നാൽപതിൽ ത്താഴെയേ ഉള്ളൂ എന്നാണ് എന്റെ ഓർമ്മ. എത്രയായാലും ഇത്തരം തടവുകാർ വളരെകുറച്ചേ ഉള്ളൂ. അതിൽ ഏതെങ്കിലും സ്പെസിഫിക്ക് കേസ് ഇപ്പോൾ പറഞ്ഞതുപോലെയുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കാം.

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: നക്സലൈറ്റു പ്രവർത്തനം വീണ്ടും സജീവമാകുന്നുണ്ടെന്നുള്ള പത്രറിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വല്ല നടപടിയുമെടുക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഞാൻ മുൻപൊരിക്കൽ പറഞ്ഞു. ചില കേന്ദ്രങ്ങളിലൊക്കെ സജീവമായ പ്രവർത്തനമുണ്ട്. പക്ഷേ, ആ പ്രവർത്തനത്തിന്റെ രൂപവും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രവർത്തനത്തിന്റെ ഒരു പ്രധാന രൂപം പോസ്റ്ററുകളിൽക്കൂടിയുള്ള പ്രചരണത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതാണ്. അതാണു പലയിടത്തും കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ തിരഞ്ഞെടുപ്പു വന്നപ്പോൾ ചില സ്ഥലങ്ങളിൽ, തിരഞ്ഞെടുപ്പു ബഹിഷ്കരിക്കുക എന്ന ഒരു കാംപെയിൻ അവർ നടത്തുകയുണ്ടായി. മറ്റുതരത്തിൽ, കഴിഞ്ഞകാലത്തു നാട്ടിൽ നടന്ന അനാശാസ്യമായ പ്രവർത്തനങ്ങളുടെ രൂപത്തിൽ, പ്രവർത്തനം സംഘടിപ്പിക്കാൻ ആരെങ്കിലും ഉദ്ദേശിക്കുന്നുണ്ടോ അങ്ങനെയുള്ള ഗ്രൂപ്പുകൾ ഉണ്ടോ എന്നു സശ്രദ്ധം പരിശോധിക്കുന്നുണ്ട്.

ശ്രീ. കെ. സി. വാമദേവൻ: കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ, നക്സലൈറ്റ് എന്നറിയപ്പെടുന്ന ആളുകൾ മൽസരിച്ചിട്ടുണ്ടോ? മറ്റേതെങ്കിലും രാഷ്ട്രീയ പാർട്ടികളിൽ ഇൻഫിൽട്രേറ്റു ചെയ്യാൻ ശ്രമിച്ചതായിട്ടോ അതു വിജയകരമായി നടത്തുന്നതായിട്ടോ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: തിരഞ്ഞെടുപ്പിൽ മൽസരിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. രണ്ടാമത്തെ ചോദ്യത്തിനു മറുപടി പറയാൻ വിവരം ഇപ്പോൾ കൈയിൽ ഇല്ല.

ശ്രീ. സിറിയക് ജോൺ: നക്സലൈറ്റു പ്രസ്ഥാനവുമായി ബന്ധപ്പെടുത്തി അതതു കാലഘട്ടങ്ങളിൽ പോലീസുമേധാവികളും സംസ്ഥാനത്ത് അന്ന് അധികാരത്തിലിരുന്നവരും അവരുടെ ചില പ്രത്യേക താൽപര്യം വച്ചുകൊണ്ട് കരുതിക്കൂട്ടി ആളുകളെ നക്സലൈറ്റു കേസുകളിൽ ബന്ധപ്പെടുത്തിയിട്ടുള്ളതിനെപ്പറ്റി വല്ല വിവരവുമുണ്ടോ? ഉദാഹരണമായി രാജൻ കേസ് കരുതിക്കൂട്ടി നക്സലൈറ്റു കേസുമായി ബന്ധപ്പെടുത്തിയതാണെന്നു ഗവൺമെന്റിനറിയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർതന്നെ കൂടുതൽ വിവരങ്ങൾ പറയാതെ മറുപടി പറയാൻ എനിക്കു പ്രയാസമാണ്.

കേരളാ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതി

* 119 [128] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് നിയമസഭാസാമാജികൻമാരിൽനിന്നും എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly